പതിനാലാം കേരള നിയമസഭ

<u>പതിനാറാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1380</u> 31.10.2019 -ൽ മറുപടിയ്ക്ക്

## റവന്യൂ ഓഫീസുകളുടെ നിർമ്മാണ പ്രവൃത്തികൾക്ക് ദേവികുളം സബ്കളക്ടറുടെ എൻ.ഒ.സി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) ദേവികുളം മണ്ഡലത്തിൽ ഉൾപ്പെടുന്ന റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട ഓഫീസുകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ/നവീകരണ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) ദേവികുളം റവന്യൂ ഡിവിഷണൽ ഓഫീസിന്റെയും ദേവികുളം താലൂക്കാഫീസിന്റെയും ചിന്നക്കനാൽ വില്ലേജാഫീസിന്റെയും നവീകരണ പ്രവർത്തികളും കഞ്ചിത്തണ്ണി വില്ലേജാഫീസിന്റെ റിക്കാർഡ് റൂം നിർമ്മാണ പ്രവർത്തികളുമാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടത്തിയിട്ടുള്ളത്. |
| (ബി) പ്രസ്തുത നിർമ്മാണപ്രവൃത്തികളിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് ദേവികുളം സബ്കളക്ടറുടെ എൻ.ഒ.സി. നേടിയിട്ടുള്ളതെന്നും ഏതൊക്കെ നിർമ്മാണങ്ങൾക്കാണ് ആയത് ലഭിച്ചിട്ടില്ലാത്തതെന്നും വ്യക്തമാക്കാമോ;<br><br>(സി) ഇപ്രകാരം റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട നിർമ്മാണങ്ങൾക്ക് ദേവികുളം സബ്കളക്ടർ നൽകിയിട്ടുള്ള മുഴുവൻ എൻ.ഒ.സി.-കളുടെയും പകർപ്പ് ലഭ്യമാക്കാമോ;<br><br>(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവികുളം മണ്ഡലത്തിൽ വിവിധ സർക്കാർ വകുപ്പുകൾക്ക് നിർമ്മാണ പ്രവൃത്തികൾക്ക് ദേവികുളം സബ്കളക്ടർ നൽകിയിട്ടുള്ള എൻ.ഒ.സി.- കൾ സംബന്ധിച്ച വിവരവും അവയുടെ പകർപ്പും ലഭ്യമാക്കാമോ; വിശദമാക്കാമോ? | (ബി) യും (സി) യും (ഡി) യും ഇടുക്കി ജില്ലാ കളക്ടറുടെ 27-09-2017 ലെ സി4-25908/2015 നമ്പർ സർക്കുലർ പ്രകാരം Construction for public purpose executed by Government Departments do not require No Objection Certificate എന്ന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ടി സാഹചര്യത്തിൽ മേൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ദേവികുളം സബ് കളക്ടറുടെ എൻ.ഒ.സി. ആവശ്യമില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ